**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3094** **07.11.2019 -ൽ മറുപടിയ്ക്ക്**

**പിന്നാക്ക മേഖലകളിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി. ഇ.എസ്. ബിജിമോൾ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) പ്രതിസന്ധികൾ നേരിടുന്ന തോട്ടം മേഖലകളും ആദിവാസി പിന്നാക്ക മേഖലകളും ഉൾപ്പെടുന്ന ഇടുക്കി, വയനാട് ജില്ലകളിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ;<br>ബി) പ്രസ്തുത പ്രദേശങ്ങളിലുള്ള സ്കൂളുകളിലെ കുട്ടികൾ പോഷകക്കുറവുമൂലം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിലേക്ക് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) യും ബി) യും | വ്യക്തികൾ, സ്കൂൾ പിടി.എ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായത്തോടെ പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കുവാൻ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽവയനാട് ജില്ലയിലെ ഉച്ചഭക്ഷണപദ്ധതിയുടെ പരിധിയിൽ വരുന്ന 321 സ്കൂളുകളിൽ 282 സ്കൂളുകളിൽ പട്ടിക ജാതി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രഭാത ഭക്ഷണം നൽകുന്നുണ്ട്. ഇടുക്കി ജില്ലയിൽ 35 സ്കൂളുകളിൽ നിലവിൽ പ്രഭാത ഭക്ഷണ പദ്ധതി നടക്കുന്നുണ്ട്. ഇതിൽ 28 സ്കൂളുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ